


# വെളിച്ചത്തിലേക്ക് സഞ്ചരിക്കുക

ശിവദാസൻ എ. കെ.

മനുഷ്യരാണോ, മൃഗങ്ങളാണോ പ്രകൃതിക്ക് അനുഗുണമായി പ്രവർത്തിക്കുന്നതെന്ന് ഭൂമിക്കു പുറത്തുള്ള ഒരാൾ നടത്തുന്ന നിരീക്ഷണം കൗതുകകരമായിരിക്കും. എന്തു തന്നെയായാലും അയാൾ ഒരു കാര്യം സമ്മതിക്കും, തീർച്ച! മൃഗങ്ങൾ അറിഞ്ഞൊ, അറിയാതെയോ പ്രകൃതിക്ക് ഒരു കോട്ടവും വരുത്തുന്നില്ല എന്ന്. സ്പഷ്ടമായും മൃഗങ്ങളേക്കാൾ ഉയർന്നവനാണ് എന്ന ധാരണ മനുഷ്യൻ വച്ചു പുലർത്തുന്നുണ്ട്. അത് ശരിയാണ് എങ്കിൽ മനുഷ്യനെ വേർതിരിക്കുന്നതെന്ത് എന്നതിന് ബുദ്ധി ശക്തി എന്നാണുത്തരം. ലളിതമായി പറഞ്ഞാൽ സാഹചര്യങ്ങളോട് യുക്തിപരമായുള്ള ഇടപെടലാണത്. 'തമസോ മാ ജ്യോതിർഗമയ' എന്ന് ബൃഹദാരണ്യകോപനിഷത്ത് നമ്മെ ഉപദേശിക്കുന്നു. തമസ്സിൽ നിന്ന് വെളിച്ചത്തിലേക്ക് നാമെങ്ങനെയാണ് നയിക്കപ്പെടുക. മൃഗങ്ങൾക്ക് ഇരുട്ടും വെളിച്ചവും അവയുടെ സ്വാഭാവിക ചോദനകൾക്കുള്ള അവസ്ഥകൾ മാത്രമാണ്. മനുഷ്യനാകട്ടെ ഇരുട്ടും വെളിച്ചവും കേവലം ജൈവചോദന മാത്രമല്ല. അത് യുക്ത്യാധിഷ്ഠിതമായ ഒരു വസ്തുത കൂടിയാണ്. മനുഷ്യരെ മൃഗത്തിൽ നിന്ന് വേർതിരിക്കുന്നത് ഈ യുക്തിയാണ്. ഈ യുക്തിയുടെ അഭാവം മനുഷ്യനെ കേവലം യാന്ത്രികമെന്നോണം പുലരുന്ന മൃഗലോകത്തേക്കാണ് എത്തിക്കുക. അവിടെ തീർച്ചയായും ഫലങ്ങളുണ്ട്; പ്രയത്നങ്ങളുമുണ്ട്. പക്ഷേ, അവ യാന്ത്രികമാണ്. യുക്തി മനുഷ്യനെ യാന്ത്രികമായ പ്രവർത്തനങ്ങളിൽ നിന്ന് മോചിപ്പിക്കുന്നു. അതവനെ കൂടുതൽ സ്വതന്ത്രനാക്കുന്നു. യാന്ത്രികമായ ആനന്ദത്തിനപ്പുറം പ്രകൃതിയുടെ സത്ത തിരിച്ചറിയാൻ പ്രേരിപ്പിക്കുന്നു. എന്നാൽ, ആളുകൾ തങ്ങൾക്കുള്ള അനിർവ്വചനീയമായ ഈ ശേഷിയെ ഉപയോഗിക്കുന്നതിൽ പലപ്പോഴും പരാജയപ്പെടുന്നു. കേവലം യാന്ത്രികമായ ഒരു മാറ്റത്തിൽ അവരുടെ പ്രവൃത്തികൾ ഒതുക്കപ്പെടുന്നു. നാം നമ്മുടെ അറിഞ്ഞ ചരിത്രത്തിലെ യുദ്ധങ്ങളെക്കുറിച്ചോർക്കുക. എന്തിനായിരുന്നു അവയെല്ലാം. സത്യസന്ധമായി പരിശോധിച്ചാൽ അവയിൽ 99 ശതമാനവും അടിസ്ഥാനമില്ലാതെ സംഭവിച്ചതായിരുന്നു എന്ന് കാണാനാകും. വ്യക്തികളുടെ അല്ലെങ്കിൽ ഒരു വിഭാഗത്തിന്റെ ഈഗോ മാത്രമായിരുന്നു ഇവയ്ക്ക് പിന്നിൽ. സത്യത്തിൽ മനുഷ്യർ നേരിടുന്ന ഒട്ടുമിക്ക പ്രശ്നങ്ങളും കേവലം മനുഷ്യനിർമ്മിതം തന്നെയാണ്. നാമത് വിധിയുടെ ചുമലിൽ വെച്ച്കെട്ടുകയാണ്. അതെ





ങ്ങനെ ശരിയാകും? ലോകത്തെല്ലാ മനുഷ്യർക്കും വിധി വ്യത്യാസപ്പെടുന്നതെങ്ങനെ? ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ സാമൂഹ്യജീവിതം വ്യത്യസ്ത തരത്തിലാണ്. നമ്മുടെ നാട്ടിലെ സാധാരണ സാമൂഹ്യാന്തരീക്ഷത്തിൽ ജനിച്ചു വളരുന്ന ഒരാളുടെ സമാധാനം അഫ്ഘാനിലോ, ഇറാഖിലോ, പലസ്തീനിലോ, സൊമാലിയായിലോ ഒരാൾക്ക് ലഭ്യമാകാത്തതിന്റെ പൊരുളിനെക്കുറിച്ചാണ് പറയുന്നത്. അപ്പോൾ പ്രശ്നങ്ങൾ മനുഷ്യനിർമ്മിതം തന്നെയാണ്. തീർച്ചയായും സാമ്പത്തികവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങൾ ഇല്ലെന്നല്ല. പക്ഷേ, മനുഷ്യർ തന്റെ ഏറ്റവും വിലപ്പെട്ട സമ്പത്തായ യുക്തിയെ ഉപയോഗിക്കുന്നതിൽ പരാജയപ്പെട്ടാൽ പ്രശ്നങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കും. മനുഷ്യചരിത്രം ആക്ടൺ പ്രഭുവിന്റെ അഭിപ്രായത്തിൽ An unfolded story of human freedom ആകുന്നു. മനുഷ്യന്റെ മുന്നോട്ടുള്ള പാതയിൽ അവരുടെ സ്വാതന്ത്ര്യം വർധിക്കുന്നു. എന്നാണതിനർത്ഥം. അതിനനുസരിച്ച് സാമൂഹിക നടപടിക്രമങ്ങൾ മാറുന്നു. സമൂഹം കൂടുതൽ ജനാധിപത്യവത്കരിക്കപ്പെടുന്നു. വിശ്വാസങ്ങൾ കൂടുതൽ ജനാധിപത്യവത്കരിക്കപ്പെടുന്നു. പക്ഷേ, ഇത് ശരിയാകണം എന്ന് ഒരുറപ്പുമില്ല. അനിതരസാധാരണമായ ശക്തിയോടെ നമ്മുടെ മൃഗചോദന നമ്മെ പുറകോട്ട് വലിക്കുന്നു. യാന്ത്രികമായ പ്രവർത്തനങ്ങളിലേക്ക് നമ്മെ ബന്ധിപ്പിക്കുന്നു. യഥാർത്ഥ ഈശ്വര വിശ്വാസിയായ ഒരാൾക്ക് ഈ പ്രപഞ്ചത്തേക്കാൾ വലിയ മഹാത്ഭുതം ഈശ്വരന്റേതായില്ല.

പക്ഷേ, കേവലം വ്യക്തികളുടെ ഗിമ്മിക്കുകൾ മഹാത്ഭുതങ്ങളായി വ്യാഖ്യാനിക്കപ്പെടുന്നു. ഇവിടുത്തെ ഒരു സൂക്ഷ്മകണം പോലും സത്യത്തിൽ മഹാത്ഭുതങ്ങളാണ്. എന്നാൽ ഇതുളവാക്കുന്ന ആനന്ദമല്ല മറിച്ച് യാന്ത്രികമായ ആനന്ദമാണ് കരണീയം എന്ന് കരുതിയാലോ? അതു തന്നെയാണ് പ്രശ്നം. യാന്ത്രികമായ ആനന്ദത്തിനുള്ള പരക്കം പാച്ചിൽ വ്യക്തിയെ നിഷ്ക്രിയനാക്കുന്നു. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ സേവനങ്ങൾ ചെയ്യുന്നത് സർക്കാരാണ് എന്ന് കേട്ടാൽ ചിലർ നെറ്റിചുളിച്ചേക്കാം. സത്യമതാണ്. തീർച്ചയായും സർക്കാർ സംവിധാനങ്ങളിൽ പോരായ്മയുണ്ട്, കെടുകാര്യസ്ഥതയുണ്ട്. എന്നാൽ, ലോകത്തെവിടെയും സർക്കാരുകൾ നൽകുന്ന സേവനങ്ങൾ മറ്റാർക്കും നൽകാനാവുന്നില്ല. സർക്കാരുകൾ സ്വയം ദൈവമെന്ന് അവകാശപ്പെടാറില്ല. ഭരണകൂടങ്ങൾ വിമർശിക്കപ്പെടരുതെന്ന് ആഗ്രഹിക്കുന്നവർ അതിലുണ്ടാകാം. എന്നാൽ, ഏറ്റവും കൂടുതൽ വിമർശിക്കപ്പെടുന്നത് ഭരണകൂടങ്ങളാണ്. ജനാധിപത്യസമൂഹത്തിന്റെ ഉൾക്കാഴ്ച എന്നത് വിമർശനങ്ങളെ സ്വീകരിക്കുക എന്നതാണ്. ആധ്യാത്മികതയുടെ കുത്തക അവകാശപ്പെടുന്ന ശക്തികൾ അവർ വിമർശിക്കപ്പെടരുത് എന്നാഗ്രിക്കുന്നു. തൃഷ്ണയാണ് എല്ലാ ദു:ഖങ്ങൾക്കും കാരണം എന്നു പറയുന്നവർ തൃഷ്ണയോടെ സ്വത്തുക്കൾ വാരിക്കൂട്ടുന്നത് നാം കാണുന്നു. നാട്ടിലെ നിയമങ്ങൾ അനുസരിക്കാതെ സ്വത്തുവാരിക്കൂട്ടിയവർ മനഃസമാധാനത്തിനായി ഇത്തരം കേന്ദ്രങ്ങളിൽ ദാനധർമ്മങ്ങൾ നടത്തുന്നു. അങ്ങനെ അവർ മനസ്സമാധാനം ഉണ്ടാകുമെന്ന് കരുതുന്നു. നിയമങ്ങൾക്ക് അനുസൃതമായി ജീവിക്കുന്നതിലൂടെ ശരിയായ ഒരു സാമൂഹ്യസംവിധാനം പരിപാലിക്കപ്പെടുമെന്നവർ കാണാതെ പോകുന്നു. സ്ഥിത പ്രജ്ഞരായ നിരവധി സംഘടനകളും സ്ഥാപനങ്ങളും ചെയ്യുന്ന സേവനങ്ങൾ നാം അറിയാറുണ്ട്. ഭൂരിഭാഗവും അറിയാറുമില്ല. വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുത് എന്ന് നിർബന്ധമുള്ളവർക്ക് അതിന്റെ ആവശ്യവുമില്ല. മനുഷ്യത്വമുള്ളവർ ദീനാനുകമ്പയെ വില പേശാനായി ഉപയോഗിക്കില്ല. തമസ്സിനെ തിരിച്ചറിയാതെ വെളിച്ചത്തിലേക്കുള്ള പ്രയാണം അസാധ്യമാണ്. അതിന് ഒരാളുടെ യുക്തി ബോധത്തേക്കാൾ വലിയ സഹായി വേറെ ഇല്ല. ഒരാൾ ഏത് ജാതിയോ, മതമോ ആകട്ടെ, നാസ്തികനോ, ആസ്തികനോ ആകട്ടെ അയാളുടെ വിശ്വാസങ്ങൾ അയാളെ വെളിച്ചത്തിലേക്ക് നയിക്കുന്നില്ല എങ്കിൽ അവകൊണ്ട് ഒരു പ്രയോജനവുമില്ല. സ്വയം ഇരുട്ടിലാവുന്ന അദ്ധ്യാത്മിക കേന്ദ്രങ്ങൾക്ക് മറ്റുള്ളവരെ എങ്ങനെയാണ് പ്രകാശിപ്പിക്കാനാകുക. നമ്മുടെ ആശ്രയം സുതാര്യമായ അദ്ധ്യാത്മിക കേന്ദ്രങ്ങളായിരിക്കണം. വിമർശനങ്ങളെ സ്വീകരിക്കുകയും ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്യുന്നവ. ദൗർഭാഗ്യവശാൽ ഇത്തരം സ്ഥാപനങ്ങൾ കുറവേയുള്ളൂ. മനുഷ്യന്റെ യുക്തിരാഹിത്യത്തിനുമേൽ, ആർത്തിക്കുമേൽ വളരുന്ന വിഷമവൃത്തങ്ങളാണധികവും. അവ നമ്മെ വിഴുങ്ങാതിരിക്കാൻ ഒരു മാർഗ്ഗമേയുള്ളൂ. അവയെ ഉപേക്ഷിക്കുക. വെളിച്ചത്തിലേക്കുള്ള പ്രയാണം തമസ്സിനെ തിരിച്ചറിയുന്നതിലൂടെ മാത്രം സാദ്ധ്യമാകുന്നു എന്നറിയുന്നവർക്ക് അതിനൊരു ബുദ്ധിമുട്ടുമില്ല.

